# പന്ത്രണ്ടാം കോൺഗ്രസിനെ അടിസ്ഥാനപ്പെടുത്തി സിപിഐഎം എൽ റെഡ് സ്റ്റാറിന്റെ പ്രത്യയശാസ്ത്ര – രാഷ്ട്രീയ ലൈനിനെ കുറിച്ച്

## ആമുഖം

1. " നവ ഫാസിസ സാഹചര്യത്തിൽ പാർട്ടി കെട്ടിപ്പടുക്കുന്നതിനെ കുറിച്ച്" എന്ന പേപ്പറിൽ നവ ഫാസിസം ഇന്ത്യൻ സാഹചര്യത്തിൽ എടുക്കേണ്ട സിപിഐഎം എൽ റെഡ് സ്റ്റാറിന്റെ സംഘടനാപരമായ ലൈനിനെ കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. പാർട്ടിയുടെ അടിസ്ഥാന രേഖകളിൽ കൊടുത്തിട്ടുള്ള പാർട്ടി ലൈനിന് അഥവാ പ്രത്യശാസ്ത്ര രാഷ്ട്രീയ ലൈനിന് അനുപൂരകം ആണ് ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടനാപരമായ ലൈൻ അഥവാ പാർട്ടി കെട്ടിപ്പടുക്കൽ. ഉദാഹരണത്തിന് പരിപാടി അഥവാ വിപ്ലവത്തിന്റെ പാത പാർട്ടിയുടെ സത്വരവും ഹ്രസ്വവും ആയ ദൗത്യത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് പാർട്ടിയുടെ തന്ത്രപരമായ ദൗത്യങ്ങളും രാഷ്ട്രീയ പ്രമേയവും വിശദീകരിക്കുന്നു. ഒമ്പതാം കോൺഗ്രസ് മുതൽ പന്ത്രണ്ടാം ,കോൺഗ്രസ് വരെയുള്ള പാർട്ടി അടിസ്ഥാന രേഖകൾ അനുസരിച്ച് ഇന്ത്യയിലെ വിപ്ലവത്തിന്റെ പാതയുടെ ഘട്ടം മാറ്റമില്ലാതെ തുടരുന്നു. അത് ജനകീയ ജനാധിപത്യ വിപ്ലവത്തിൻറെ ഘട്ടമായി തുടരുന്നു.

2. എന്നാൽ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആദ്യ രണ്ടു ദശകങ്ങൾ നാം പരിശോധിക്കുകയാണെങ്കിൽ , 2011 ലെ ഒമ്പതാം പാർട്ടി കോൺഗ്രസ് മുതലുള്ള ഒരു ദശാബ്ദ കാലത്തിൽ അധികം അടക്കമുള്ള കാലയളവിൽ നമ്മുടെ രാജ്യത്തും ആഗോള തലത്തിലും ഏതൊരു മുൻകാലത്തേക്കാളും വേഗത്തിൽ വ്യാപകമായ മാറ്റങ്ങൾ സംഭവിച്ചത് ഉള്ളതായി കാണാൻ സാധിക്കും. Frontier Technology എന്നത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പ്രതിഭാസം ആണ്. ഇതിൽ ഡിജിറ്റൽ വൽക്കരണം, Artificial Intelligence, തുടങ്ങിയവ പെടുന്നു. മറ്റു പലതിനോടൊപ്പം ഈ മാറ്റങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കോർപ്പറേറ്റ് മൂലധനം തൊഴിലാളി വർഗ്ഗത്തിന്മേൽ അതിൻറെ കടുത്ത ചൂഷണം ശക്തിപ്പെടുത്തിയിരിക്കുകയാണ്. തൊഴിൽ വിഭജനത്തിന്റെ ആഗോളതലത്തിലുള്ള പുതിയ രൂപങ്ങൾ, കുടിയേറ്റ, അഭയാർത്ഥി പ്രതിസന്ധികൾ അടക്കമുള്ള അടിച്ചമർത്തലിന്റെയും പാർശ്വവൽക്കരണത്തിന്റെയും പുതിയ രൂപങ്ങൾ, പ്രകൃതിയുടെ കോർപ്പറേറ്റ് കൊള്ളയിൽ നിന്നും ഉണ്ടായിട്ടുള്ള അഭൂതപൂർവ്വമായ പാരിസ്ഥിതിക വിനാശം, ഇതിനോടകം തിട്ടപ്പെടുത്താൻ കഴിയാത്ത തരത്തിലുള്ള സമ്പത്തിന്റെ കേന്ദ്രീകരണം, അസമത്വം, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയവയിലൂടെയാണ് ഇത് സാധ്യമാക്കി തീർത്തത് . സർവ്വോപരി ലോക സാമ്രാജ്യത്വത്തിന്റെ അന്തർലീനമായ എല്ലാ വൈരുദ്ധ്യങ്ങളെയും മുറിപ്പിച്ചു കൊണ്ടും അന്തർ സാമ്രാജ്യത്വം വൈരങ്ങളെ വളർത്തിക്കൊണ്ടും ആഗോളതലത്തിൽ നവ ഫാസിസം ഭയാനകമായ രീതിയിൽ രംഗപ്രവേശം ചെയ്തിരിക്കുന്നു. ഈ സാർവദേശീയ സാഹചര്യവുമായി ബന്ധപ്പെട്ടു കൊണ്ട് , ലോകത്തിൽ വച്ച് ഏറ്റവും ജനസംഖ്യയുള്ള രാജ്യമായ ഇന്ത്യയിൽ ലോകത്തിലെ ഏറ്റവും വലുതും ഏറ്റവും കൂടുതൽ കാലം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ ആർഎസ്എസ് എന്ന ഫാസിസ്റ്റ് സംഘടന അതിന്റെ ഏറ്റവും മനുഷ്യത്വ രഹിതവും പിന്തിരിപ്പനുമായ മനുവാത ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ പിൻബലത്തോടെ ഒരു ഫാസിസ്റ്റ് ഭരണകൂടം ബഹുതലങ്ങളിൽ അതിൻറെ പ്രത്യാഘാതങ്ങൾ

സൃഷ്ടിച്ചുകൊണ്ട് സ്ഥാപിച്ചിരിക്കുകയാണ്.

## അടിസ്ഥാന രേഖകൾ  കാലാനുസൃതമായി പരിഷ്കരിക്കുന്നതിനെക്കുറിച്ച്

3.  ഈ പരിവർത്തനങ്ങളെ ശരിയായി വിലയിരുത്തി കൊണ്ട്, ഒമ്പതാം പാർട്ടി കോൺഗ്രസിൽ അടിസ്ഥാന രേഖകളെ അംഗീകരിച്ചതു പോലെ പന്ത്രണ്ടാം പാർട്ടി കോൺഗ്രസ് ഉചിതമായ രീതിയിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. സമൂർത്ത സാഹചര്യങ്ങളുടെ സമൂർത്ത വിശകലനം എന്ന മാർക്സിസ്റ്റ് ലെനിനിസ്റ്റ് കാഴ്ചപ്പാടിൽ നിന്നുകൊണ്ട് പത്താം കോൺഗ്രസിൽ വിശേഷിച്ച് പരിപാടിയും വിപ്ലവത്തിൻറെ പാതയും ഭേദഗതികൾക്ക് വിധേയമാക്കിയത് പോലെ ആയിരുന്നു ഈ മാറ്റങ്ങളും വരുത്തിയത്. തീർച്ചയായും കാലഘട്ടത്തെ സാമ്രാജ്യത്വത്തിന്റെ പുത്തൻ കൊളോണിയൽ ഘട്ടമായിട്ട് സിപിഐ എം എൽ റെഡ് സ്റ്റാർ തുടക്കം മുതലേ തന്നെ വിലയിരുത്തിയിരുന്നു. അതിനെ അടിസ്ഥാനപ്പെടുത്തി 1947ലെ അധികാര കൈമാറ്റത്തിന് ശേഷം ഉണ്ടായ ഭരണവർഗത്തിൻ കീഴിൽ ഇന്ത്യ ഒരു പുത്തൻകുളങ്ങിൽ രാജ്യമായി തുടരുകയായിരുന്നു എന്നും ഭരണവർഗ്ഗം സാമ്രാജ്യത്വത്തിന്റെ ജൂനിയർ പങ്കാളികളാണ് എന്നും പാർട്ടി ഉറച്ച നിലപാട് എടുത്തിരുന്നു.

## രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെയും ഔപചാരിക സ്വാതന്ത്ര്യത്തിന്റെയും വിഷയങ്ങളെ സംബന്ധിച്ച്

4.  ഇപ്രകാരം പുത്തൻകുടിസത്തെ കുറിച്ചുള്ള നമ്മുടെ സമീപനവും ഇന്ത്യ പുത്തൻ പുത്തൻ കൊളോണിയൽ പരമായി ആശ്രിതം എന്ന സവിശേഷ വൽക്കരണവും നമ്മൾ അതേപടി നിലനിർത്തിയിട്ടുണ്ടെങ്കിലും ലക്നൗവിൽ വെച്ച് 2015ൽ നടന്ന പത്താം പാർട്ടി കോൺഗ്രസിൽ പരിപാടിയിൽ വരുത്തിയ ചെറിയ ഭേദഗതി 1947ലെ അധികാര കൈമാറ്റത്തെ കുറിച്ചായിരുന്നു. അധികാര കൈമാറ്റത്തെ പരിമിതമായ സവിശേഷതകളോടുകൂടിയാണെങ്കിലും രാഷ്ട്രീയ സ്വാതന്ത്ര്യം എന്ന് തെറ്റായി വിലയിരുത്തിയിരുന്നു ഇത് ഭോപ്പാലിലെ സ്പെഷ്യൽ കോൺഫറൻസ് മുതൽ ഇങ്ങോട്ട് നമ്മുടെ അടിസ്ഥാന രേഖകൾ ഉയർത്തിപ്പിടിച്ച് ഔപചാരിക സ്വാതന്ത്ര്യം എന്ന ആശയത്തിന് എതിരായിരുന്നു . പുത്തൻ കൊളോണിയൽ ആശ്രിതത്വം എന്നതും രാഷ്ട്രീയ സ്വതന്ത്രത എന്നതും വിരുദ്ധവും പൊരുത്തപ്പെടാത്തതും ആയ ആശയങ്ങളാണ് എന്നത് തുടക്കത്തിലെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

5.  അതായത്, ഏറെ നീണ്ട ഉൾപാർട്ടി ചർച്ചകൾക്ക് ശേഷം, സമൂർത്തമായ സാഹചര്യത്തിനനുസരിച്ച് ഉള്ള മാറ്റങ്ങൾ 2022ലെ പരിപാടിയിൽ പെടുത്തിയപ്പോൾ രാഷ്ട്രീയ സ്വതന്ത്രത എന്ന പദത്തിന് പകരം ഔപചാരിക രാഷ്ട്രീയ സ്വതന്ത്രത എന്ന പുതിയ പദപ്രയോഗം കൊണ്ടുവന്നു. തീർച്ചയായും ബ്രിട്ടീഷ് കൊളോണിയൽ യജമാനന്മാരിൽ നിന്ന് 1947ൽ ഇന്ത്യൻ ഭരണവർഗത്തിലേക്ക് രാഷ്ട്രീയ അധികാരം കൈമാറ്റം ചെയ്യപ്പെട്ടതിന് രാഷ്ട്രീയ സ്വതന്ത്രത ആയി ആശയവൽക്കരിക്കുന്നത് യുദ്ധാനന്തര കാലഘട്ടത്തിൽ സാമ്രാജ്യത്വം ദുർബലമായി എന്ന് ക്രൂഷ്ചേവിയൻപിന്തിരിപ്പൻ കാഴ്ചപ്പാടുമായി ബന്ധപ്പെട്ടിരിക്കുന്നു. പത്താം പാർട്ടി കോൺഗ്രസിൻറെ സമയത്ത് എം എൽ പി ഡി പ്രതിനിധി അവതരിപ്പിച്ച സെമിനാർ പേപ്പറിൽ ഇന്ത്യ ഒരു പുതിയ സാമ്രാജ്യത്വ രാജ്യം ആയി അവതരിപ്പിക്കപ്പെടുകയുണ്ടായി . ഒരു രാജ്യം ഒരേസമയം കോളനിയിൽ പരമായി ആശ്രിതത്വം പുലർത്തുകയും മറുവശത്ത് പുത്തൻ സാമ്രാജ്യത്വമായി നിലനിൽക്കു

കയും ചെയ്യുക എന്നത് അസാധ്യമായ കാര്യമാണ്. ആയതിനാൽ തുടക്കം മുതലേ തന്നെ നമ്മുടെ പാർട്ടി ഇന്ത്യ പുത്തൻ സാമ്രാജ്യത്വമാണ് എന്ന് ആശയം തള്ളിക്കളഞ്ഞിരുന്നു. രാഷ്ട്രീയ സ്വതന്ത്രത എന്ന ആശയത്തിന്റെ വക്താക്കളും പുത്തൻ സാമ്രാജ്യത്വത്തിന്റെ വക്താക്കളും തമ്മിലുള്ള പ്രത്യയശാസ്ത്രപരമായ കണ്ണി നമുക്ക് തള്ളിക്കളയാവുന്ന ഒന്നായിരുന്നില്ല. കാരണം മൂലധനത്തിന്റെ ഇന്നത്തെ ചലന നിയമങ്ങൾ അനുസരിച്ച് രാഷ്ട്രീയമായി സ്വതന്ത്രത പുലർത്തുന്ന രാജ്യങ്ങൾക്ക് സാമ്രാജ്യത്വമായി മാറിത്തീരാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

6. രാഷ്ട്രീയ സ്വതന്ത്രത, പുത്തൻ സാമ്രാജ്യത്വം എന്നീ ആശയ രൂപീകരണങ്ങൾക്ക് മറ്റു പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ തലങ്ങൾ കൂടി ഉണ്ട്. വിശേഷിച്ച് സിപിഐ എം എൽ റെഡ് സ്റ്റാറിന്റെ പരിപാടിയിൽ വിശദീകരിച്ചിട്ടുള്ള മുഖ്യ വൈരുദ്ധവുമായി ബന്ധപ്പെട്ട് ഇത് വളരെ പ്രസക്തമാണ്. സാർവദേശീയ തലത്തിൽ നമ്മുടെ പാർട്ടി 5 പ്രധാന ളവൈരുദ്ധ്യങ്ങളാണ് അംഗീകരിച്ചിട്ടുള്ളത്. ഒരുവശത്ത് സാമ്രാജ്യത്വവും മറുവശത്ത് അടിച്ചമർത്തപ്പെട്ട ജനങ്ങളും രാജ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം ആണ് മുഖ്യ വൈരുദ്ധ്യം . അതേ സമയം, സാമ്രാജ്യത്വ- കോർപ്പറേറ്റ്- ഉദ്യോഗസ്ഥ മേധാവിത്വ ബൂർഷ്വാസി- ഭൂവുടമ വർഗ്ഗങ്ങൾ ഒരു വശത്തും വിശാലജന വിഭാഗങ്ങൾ മറുവശത്തും ആയിട്ടുള്ള വൈരുദ്ധ്യം ഇന്ത്യയ്ക്കകത്തെ മുഖ്യ വൈരുദ്ധ്യമാണ്.

7. ഇപ്രകാരം. നമ്മുടെ പാർട്ടി പരിപാടി അനുസരിച്ച് സാമ്രാജ്യത്വം ലോകജനതയുടെ ശത്രുവാണ്. ലോക ജനതയുടെ ബഹുഭൂരിപക്ഷവും കഴിയുന്നത് ആഫ്രോ- ഏഷ്യൻ- ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലാണ്. അതുമാത്രമല്ല സാമ്രാജ്യത്വം ഇന്ത്യയിലെ മുഴുവൻ ജനതയുടെയും ശത്രുവാണ്. പുത്തൻ സാമ്രാജ്യത്വം എന്ന ആശയം അനുസരിച്ച് ബഹുഭൂരിപക്ഷം ജനങ്ങളും സാമ്രാജ്യത്വ രാജ്യങ്ങളിലാണ് കഴിയുന്നത് അല്ലാതെ പുത്തൻ കൊളോണിയൽ ആശ്രിതരാജ്യങ്ങളിൽ അല്ല. ഇത് സമൂർത്ത യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ട് പോകുന്നില്ല. കൂടാതെ ഇത് നമ്മുടെ പാർട്ടി പരിപാടിയുടെ വിപ്ലവത്തിന്റെ പാതയും ഘട്ടവും സംബന്ധിച്ച അടിസ്ഥാന തത്വങ്ങളെ പാടെ ലംഘിക്കുന്നതാണ്. അതുകൊണ്ട് പുത്തൻ സാമ്രാജ്യത്വം എന്ന ആശയം പാടെ തള്ളിക്കളയുകയും രാഷ്ട്രീയ സ്വതന്ത്രത എന്ന പദത്തിന് പകരം ഔപചാരിക രാഷ്ട്രീയ സ്വതന്ത്രത എന്ന് ഭേദഗതി വരുത്തുകയും ചെയ്തു.

## ഇന്ത്യൻ സമൂഹം, വർഗ്ഗസമരത്തിനിടയിലെ അന്തർബന്ധങ്ങൾ, വർഗ്ഗസമരം, ലിംഗ സമരം എന്നിവ സംബന്ധിച്ച സമൂർത്ത വിശകലനം

8. ഇന്ത്യയിലെ വർഗ്ഗങ്ങളെ വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട നിരവധി കമ്മ്യൂണിസ്റ്റ് പാർട്ടികൾ ചെയ്യുന്ന യാന്ത്രികമായ കോപ്പി പേസ്റ്റ് രീതിക്കെതിരെ സിപിഐ എം എൽ റെഡ് സ്റ്റാറിന്റെ ഒമ്പതാം പാർട്ടി കോൺഗ്രസ് മുതൽ കൃത്യമായ നിലപാട് എടുത്തിരുന്നു. അതിന്റെ ഭാഗമായി, ചരിത്രപരമായി നിർണയിക്കപ്പെട്ട സവിശേഷമായ ഇന്ത്യൻ സാമൂഹിക രൂപീകരണത്തിന് അടിസ്ഥാനത്തിൽ വർഗ്ഗത്തെ വിശകലനം ചെയ്യുമ്പോൾ വർഗ്ഗവും ജാതിയും പരസ്പരം ചേർന്നിരിക്കുന്നതും വേർതിരിക്കാനാവാത്തതും ആണെന്ന ഉറച്ച നിലപാട് പാർട്ടിയെടുത്തു. അതായത് ഇന്ത്യയിലെ വർഗ്ഗസമരം എന്നത് ജാതി വ്യവസ്ഥയുടെ ഉന്മൂലന പോരാട്ടവുമായി ഇഴ ചേർന്നു കിടക്കുന്നു. ഇത് ഒരു അടവുപരമായ ലൈൻ അല്ല മറിച്ച് ഒരു തന്ത്രപരമായ ദൗത്യമാണ്. ഒമ്പതാം പാർട്ടി കോൺഗ്രസിൽ അംഗീകരിച്ച വിപ്ലവത്തിന്റെ പാതയുടെ രേഖ ഇപ്രകാരം അഭി

പ്രായപ്പെടുന്നു: ' ജാതി അടിച്ചമർത്തലിനെതിരെ പോരാടുക എന്നതും ജാതി ഉന്മൂലനത്തിനായി പ്രചരണം നടത്തും എന്നതും നിരവധി സംഘടനകളുടെ അജണ്ടയിൽ ഇല്ല. അഥവാ ഉണ്ടായിരുന്നാൽ പോലും സമൂർത്തമായ ഒരു പ്രവർത്തന പരിപാടി മുന്നോട്ടു വെച്ചിട്ടില്ല. ഇതിൻറെ ഫലമായിട്ടാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻറെ 150 വർഷങ്ങളുടെ അനുഭവങ്ങൾക്ക് ശേഷവും സാമ്പത്തിക അടിത്തറയിൽ ഉള്ള വിപ്ലവവും ഉപരി ഘടനയിലുള്ള വിപ്ലവവും തമ്മിൽ വേർതിരിക്കുന്ന ഒരു ചൈന മതിലിന്റെ അവസ്ഥ യാന്ത്രികമായിലഇപ്പോഴും തുടരുന്നത്. വർഗ്ഗസമരവും ജാതിവ്യവസ്ഥയ്ക്കെതിരെയുള്ള പോരാട്ടവും തമ്മിലുള്ള ഗാഢബന്ധം ഇപ്രകാരം തിരിച്ചറിയപ്പെടാതെ പോയി. വർഗ്ഗസമരം ജാതി പ്രശ്നം പോലുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കും എന്ന് യാന്ത്രികമായ സമീപനം ആവർത്തിക്കപ്പെട്ടു മുന്നോട്ടുവച്ചു കൊണ്ടിരിക്കുന്നു. ഈ രണ്ടു തലങ്ങളിലുമുള്ള പോരാട്ടങ്ങൾക്ക് ഇടയിലുള്ള വൈരുദ്ധ്യാത്മക ബന്ധം യാന്ത്രിക സമീപനത്തിന് പകരം സ്ഥാപിക്കപ്പെടേണ്ടതുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ വർഗ്ഗ സമരത്തെക്കുറിച്ചുള്ള നിലപാടുകൾ തന്നെ ഇത്തരത്തിൽ വികസിപ്പിക്കേണ്ടതുണ്ട്."

9. ഇന്ത്യൻ സമൂഹത്തെ സമൂർത്തമായി വിശകലനം ചെയ്യുന്ന ഈ മാർക്സിസ്റ്റ് സമീപനത്തെ അടിസ്ഥാനപ്പെടുത്തി കൊണ്ട് , വർഗ്ഗ സമരം വിജയിക്കുമ്പോൾ ജാതി അപ്രത്യക്ഷമാകും എന്ന യാന്ത്രികവും ലളിതവത്കരിച്ചതുമായ സമീപനത്തെ നമ്മൾ മുൻപേ തന്നെ തള്ളിക്കളഞ്ഞിട്ടുണ്ട് . മറ്റൊരുതരത്തിൽ പറഞ്ഞാൽ സാമ്പത്തികമായ . ഗോവണിപ്പടികൾ കയറിക്കൊണ്ട് ജാതിയുമായി ബന്ധപ്പെട്ട സാമൂഹിക പ്രതിബന്ധങ്ങളെ മറികടക്കാൻ കഴിയും എന്ന യാന്ത്രിക വീക്ഷണങ്ങളെ നമ്മൾ തള്ളിക്കളഞ്ഞു. നമ്മുടെ പാർട്ടിയുടെ നിലപാട് അനുസരിച്ച് ഇന്ത്യയുടെ ഉൽപാദന രീതിയും സാമൂഹ്യ രൂപീകരണവും ആയി ജാതി ഇടകലർന്നു കിടക്കുന്നു. ഇത് അടിത്തറയും പരിഗണനയും എന്ന ആശയത്തെ ഭേദിക്കുകയും നമ്മുടെ സമൂഹത്തിൽ മൂലധനം ഏറ്റവും സൂക്ഷ്മമായ മേഖലകളിലേക്ക് കൂടി കടന്നു ചെല്ലുമ്പോഴും ജാതി അതിൻറെ മുഖ്യമായ പങ്ക് വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് ചില പാർട്ടികൾ അവകാശപ്പെടുന്നത് പോലെ കേവലമായ തലത്തിൽ ഫ്യൂഡലിസവുമായി ബന്ധപ്പെട്ടല്ല കിടക്കുന്നത്. അതുപോലെ നമ്മുടെ പാർട്ടിയിൽ ഉണ്ടായിരുന്ന ന്യൂനപക്ഷം അവകാശപ്പെട്ടത് പോലെ നിസ്സാരമായ റോൾ അല്ല വഹിച്ചുകൊണ്ടിരുന്നത്. തീർച്ചയായും നമ്മുടെ പാർട്ടി മുൻപ് ദളിതരുടെയും മറ്റാടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെയും വിരോചിതങ്ങളായ പോരാട്ടങ്ങൾക്ക് നേതൃത്വം വഹിച്ചിട്ടുണ്ട്. എന്നാൽ ജാതി വിഷയത്തെ ശരിയായ കാഴ്ചപ്പാടിൽ വിലയിരുത്താൻ മുൻ കമ്മ്യൂണിസ്റ്റ് നേതൃത്വങ്ങൾക്ക് കഴിയാതെ പോയി. ഇതിൻറെ ഫലമായി അടിച്ചമർത്തപ്പെട്ട ജാതികളിൽ നിന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആനിവേൽക്കരിക്കപ്പെട്ടു എന്നതാണ് ഇന്ന് നമ്മുടെ പാർട്ടിയുടെ നിലപാട്. കമ്മ്യൂണിസ്റ്റ് പാർട്ടിയും ദളിതരുടെയും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെയും പ്രസ്ഥാനവും തമ്മിലുള്ള ഭിന്നതകൾ എത്രയും പെട്ടെന്ന് പരിഹരിക്കണമെന്ന് അതിനായി അമ്പത് നോടും പൊതുവേ അമ്പത്തി റൈറ്റ് പ്രസ്ഥാനത്തോടും ഗുണപരമായ നിലപാട് എടുക്കണമെന്നും കൂടി നമ്മൾ ഒരു നിലപാടിൽ എത്തിയിട്ടുണ്ട്.

10. അധികാര കൈമാറ്റത്തിനുശേഷം ദശാബ്ദങ്ങൾ കഴിഞ്ഞിട്ടുണ്ടെങ്കിലും ജാതി വ്യവസ്ഥ കൂടുതൽ കൂടുതൽ കൂടുതൽ കൂടുതൽ ശക്തിപ്പെടുത്തുകയാണ്. ജാതി വിവേചനത്തിലും അടിച്ചമർത്തലിലും അക്രമണങ്ങളിലും തൊട്ടുകൂടായ്മയിലും സർവ്വതലങ്ങളിലുമുള്ള അഞ്ജൂവൽക്കരണങ്ങളിലും പ്രാദേശികമായ സവിശേഷതക ളോട് ദളിതർ വിധേയമാക്കപ്പെടുന്നുണ്ട്. ഇന്ത്യ ഒരു ബഹുഭാഷാ, ബഹുവംശ, ബഹുമത,

ബഹു സംസ്കാര രാജ്യമാണെങ്കിലും ഇത്തരത്തിൽ ജാതി അടിച്ചമർത്തലുകൾ എവിടെയും നടക്കുന്നുണ്ട്. കാര്യം നമ്മൾ ജാതിയുമായി ബന്ധപ്പെട്ടിട്ടുള്ള രചനകളിലും നമ്മുടെ മറ്റു പാർട്ടി രേഖകളിലും നിരന്തരമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ കാഴ്ചപ്പാടിൽ , നിന്നുകൊണ്ടാണ് സിപിഐഎമ്മില് റെഡ് സ്റ്റാറിന്റെ ഒമ്പതാം പാർട്ടി കോൺഗ്രസ് ജാതി ഉന്മൂലന പ്രസ്ഥാനം രൂപീകരിക്കാൻ തീരുമാനിച്ചത്. എല്ലാ തുറകളിലും വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ബ്രാഹ്മണിക്കൽ മനുവാതി ജാതിവ്യവസ്ഥയ്ക്കെതിരെ പ്രത്യയശാസ്ത്ര- രാഷ്ട്രീയ പോരാട്ടം മുന്നോട്ടു കൊണ്ടുപോകുന്നതിന് വേണ്ടിയും ജാതി ഉന്മൂലനായുള്ള പോരാട്ടവും വർഗ്ഗസമരവും തമ്മിലുള്ള വൈരുദ്ധ്യാത്മക ബന്ധത്തെ മുഴുവനായി ഉൾക്കൊണ്ടുകൊണ്ട് വ്യവസ്ഥയെ ഉന്മൂലനം നടത്താനുള്ള . ആത്യന്തികമായ ലക്ഷ്യത്തിനുവേണ്ടി പരിശ്രമിക്കുന്നതിനു വേണ്ടിയും ആണ് ഈ പ്രസ്ഥാനം രൂപീകരിച്ചിട്ടുള്ളത്. ഈ പ്രസ്ഥാനത്തിനോടൊപ്പം തന്നെ ജാതി വിഷയത്തിൽ കൂടുതൽ പ്രത്യയശാസ്ത്രപരവും ചരിത്രപരവുമായ വ്യക്തത ആർജ്ജിക്കുന്നതിന് പാർട്ടി വേറെ വർഷങ്ങളായി പ്രയത്നിച്ചു കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ആവശ്യമായിട്ടുള്ള പ്രായോഗിക പോരാട്ടങ്ങളെയും കൂടി വിപുലീകരിക്കുന്നതിന് ഉള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

11. എന്നാൽ, പാർട്ടി പരിപാടി കാലാനുസൃതമായിമായി പരിഷ്കരിക്കുന്നതിനുള്ള ദൗത്യം ഏറ്റെടുത്തപ്പോൾ മനുസ്മൃതി പ്രത്യയശാസ്ത്ര അടിസ്ഥാനമാക്കിയ ആർഎസ്എസ് അതിൻറെ രാഷ്ട്രീയ ഉപാധിയായ ബിജെപിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്ത്യയെ ഒരു നവഭാസിസ്റ്റ് ഭരണകൂടമാക്കി പരിവർത്തിപ്പിച്ചു കഴിഞ്ഞിരുന്നു. മനുസ്മൃതി അഥവാ മനുവാദി- ഹിന്ദുത്വം അനുസരിച്ച് ആസ്പ്രഷ്യലായി കണക്കാക്കപ്പെട്ടിരുന്ന വിഭാഗത്തിൽപ്പെട്ട തൊഴിലാളികളും പണിയെടുക്കുന്ന വരും വരുന്ന ബഹുഭൂരിപക്ഷവും അടിച്ചമർത്തപ്പെട്ട ജാതികളും സ്ത്രീകളും ര. ണ്ടാം തരം മനുഷ്യരാണ് എന്നാണ് കണക്കാക്കപ്പെടുന്നത്. ആർഎസ്എസ് ആകട്ടെ ഭരണഘടനയെ മനുസ്മൃതിക്ക് അനുസൃതമായി മാറ്റി തീർക്കാനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ മനുവാദത്തിന്റെ ചരിത്രപരമായ വേരുകളിൽ ഊന്നി നിൽക്കുന്ന ആർഎസ്എസ് നവോത്ഥാസിസത്തെ നമ്മുടെ പരിഷ്കരിക്കപ്പെട്ട പാർട്ടി രേഖകളിൽ ഉൾച്ചേർക്കാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ ന്യൂനപക്ഷം വരുന്ന കുറച്ച് അംഗങ്ങൾ ഇതിൽ പ്രതിഷേധിച്ച് പാർട്ടി വിട്ടു പോവുകയുണ്ടായി. തീർച്ചയായും അവരുടെ ജാതിവിരുദ്ധ നിലപാടുകൾ പാർട്ടിയുടെ ജാതിയെ സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടുകൾക്ക് വിരുദ്ധവുമായിരുന്നു. ഒരു ഉദാഹരണം ഇതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാം. പാർട്ടി പരിപാടി തയ്യാറാക്കുന്ന വേളയിൽ തന്നെ 2021 മാർച്ച് ലക്കത്തിലെ മാർക്സിസ്റ്റ് ലെനിസ്റ്റ് എന്ന സിപിഐഎമ്മിൽ റെഡ് സ്റ്റാറിന്റെ സൈദ്ധാന്തിക പ്രസിദ്ധീകരണം ജാതിയെ സംബന്ധിച്ച് സംവാദം ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയിരുന്നു. ഇതിൽ ഉത്പാദനത്തിന്റെ വിവിധ മേഖലകളിൽ ജാതി സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ പാടെ തള്ളിക്കളഞ്ഞുകൊണ്ടുള്ള യാന്ത്രികമായ സമീപനം മേൽപ്പറഞ്ഞ ന്യൂനപക്ഷ വിഭാഗം അവതരിപ്പിച്ചിട്ടുള്ള നിലപാടുകൾ പ്രസ്തുത പ്രസിദ്ധീകരണത്തിൽ വിശദമായി കൊടുത്തിട്ടുണ്ട്.

12. മാർക്സിസ്റ്റുകൾ എന്ന് സ്വയം അവകാശപ്പെടുന്ന നിരവധി പണ്ഡിതന്മാർ അവകാശപ്പെടുന്നത് ആധുനികതയും മൂലധന ബന്ധങ്ങളുടെ തുലഞ്ഞു കയറ്റവും ഇന്ത്യയിൽ മുന്നോട്ടു പോകുമ്പോൾ ജാതി എന്ന അവസ്ഥ കൊഴിഞ്ഞു പോകും എന്നാണ്. യൂറോപ്പിൽ മുതലാളിത്തത്തിന്റെ മുന്നേറ്റം ഫ്യൂഡൽ , മുതലാളിത്ത പൂർവ്വ, പുരുഷാ

ധിപത്യ ബന്ധങ്ങളെ അതിൻറെ അടിത്തറയിൽ തന്നെ പ്രഹരിച്ചുകൊണ്ട് ദുർബലമാക്കുകയുണ്ടായി. ഇക്കാര്യമാണ് മേൽപ്പറഞ്ഞവർ ഇന്ത്യയിലും ബാധക മാക്കുന്നത്. ആധുനിക ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഘട്ടത്തിൽ പോലും ജാതിക്ക് യാതൊരു കോട്ടവും തട്ടാതെ ഇന്ത്യയിൽ നിലകൊള്ളാൻ കഴിയും എന്ന യാഥാർത്ഥ്യമാണ് ഇവർ മനസ്സിലാക്കാതെ പോകുന്നത്. ഗ്രാമപ്രദേശങ്ങളിൽ അധിനിവേശം നടത്തുന്ന കോർപ്പറേറ്റ് മൂലധനത്തിന് ഏറ്റവും വഷളായിട്ടുള്ള ജാതി സ്ഥാപനങ്ങ ളുടെ പ്രവർത്തനങ്ങളോടൊപ്പം പൊരുത്തപ്പെട്ട് പോകാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. കാലിഫോർണിയയിലെ ഒരു കോടതിയിൽ നടന്നുകൊണ്ടിരിക്കുന്ന തൊട്ടുകൂടായ്മക്കെതിരായുള്ള പ്രസിദ്ധമായ കേസ് വെളിപ്പെടുത്തുന്നത് പോലെ അമേരിക്കയിലേക്ക് കുടിയേറിയ ബ്രാഹ്മണിക്കൽ സാങ്കേതിക വിദഗ്ധർക്ക് ഡിജിറ്റൽ ടെക്നോളജിയുടെ ഏറ്റവും മുന്നോക്കം നിൽക്കുന്ന സിലിക്കൺ വാലിയിലേക്ക് പോലും ജാതിയെ കയറ്റുമതി ചെയ്യാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട് . സിയാറ്റിലിലെ സിറ്റി കൗൺസിൽ തൊട്ടുകൂടായ്മ സമ്പ്രദായത്തിനെതിരെ അതിനെ നിരരോധിച്ചു കൊണ്ട് ഒരു പ്രമേയം ഈയിടെ പാസാക്കുകയുണ്ടായി. ഇതിനെപ്പോലും കുടിയേറ്റമനുവാദി സംഘം എതിർക്കുകയും ഉണ്ടായി. ഇപ്രകാരം സൂക്ഷ്മതലത്തിൽ പ്രവർത്തിക്കുന്ന ശക്തികളെ വേർതിരിച്ചെടുക്കാൻ സാമൂഹ്യ മാറ്റങ്ങളുടെ കേവലമായ സാമ്പത്തിക വ്യാഖ്യാനങ്ങൾ പര്യാപ്തമാവുന്നില്ല. അതായത് ഇന്ത്യയിലെ പ്രതിവിപ്ലവത്തിന്റെ ഏറ്റവും കേന്ദ്രതലത്തിൽ ഇന്ന് ജാതി . നിലകൊള്ളുന്നു. ഇതിന് മറികടക്കുന്ന ദൗത്യം സാമ്രാജ്യത്വത്തിനും അതിൻറെ ശിങ്കിടികൾക്കും എതിരെയുള്ള വർഗ്ഗസമരത്തിന്റെ അവിഭാജ്യ ഘടകമായി കമ്മ്യൂണിസ്റ്റുകാർ ഏറ്റെടുക്കേണ്ടതുണ്ട്.

13. ഈ സാഹചര്യത്തിൽ, വിശേഷിച്ച് ആർഎസ്എസ് നവഫാസിസത്തിന്റെ നിർണായക സാഹചര്യത്തിൽ, നവ ലിബറൽ കോർപ്പറേറ്റ് വൽക്കരണത്തിനെതിരെയുള്ള നമ്മുടെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തോടൊപ്പം ആർഎസ്എസിന്റെ പ്രത്യയശാസ്ത്ര അടിത്തറയായ മനുവാതി ഹിന്ദുത്വത്തിനെതിരെ സർവ്വശക്തിയും ഉപയോഗിച്ചുള്ള ഉപരോധത്തിന് ഊന്നൽ നമ്മുടെ അടിസ്ഥാന രേഖകളിൽ കൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടു കൊണ്ടാണ് നമ്മുടെ പാർട്ടി പരിപാടിയിലെ മൂന്നാം അധ്യായത്തിലെ ആദ്യത്തെ നാലു കണ്ണുകൾ പുരാതന, മധ്യകാല, ആധുനിക കാലഘട്ടങ്ങളിലൂടെ എപ്രകാരമാണ് ജാതി വ്യവസ്ഥ അവരുഭവിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുന്നത്. ഉൽപാദനത്തിന്റെ രീതികളിൽ ഉണ്ടായ മാറ്റങ്ങൾ, ഉയർന്നുവന്ന വർഗ്ഗങ്ങൾ എന്നിവയോടൊപ്പം ആണ് ഇത് ഉണ്ടായിട്ടുള്ളത്. ഇത് അടിത്തറയെയും ഉപരിഘടനയെയും കുറുകെ കടക്കുന്നുണ്ട്. അടിച്ചമർത്തലുകളുടെയും വിവേചനങ്ങളുടെയും പുതിയ തലങ്ങൾ ഇവിടെ നിരൂപിക്കപ്പെടുന്നുണ്ട്. രാഷ്ട്രീയ –സാമ്പത്തിക മാറ്റങ്ങൾക്ക് അവ വിധേയമാകുന്നുമുണ്ട്.

14. ജനകീയ ജനാധിപത്യ പരിപാടിയുമായി ബന്ധപ്പെട്ട അധ്യായം അഞ്ചിൽ ജാതിയുടെ ചരിത്രപരമായ വീക്ഷണത്തിന്റെ തുടർച്ചയും "ജാതി മേധാവിത്വ ഇന്ത്യൻ സമൂഹത്തിൽ ഉള്ള അന്തർലീനമായ വൈരുദ്ധ്യങ്ങളും പിരിമുറക്കങ്ങളും" സംബന്ധിച്ച കാഴ്ചപ്പാടും ഉൾക്കൊണ്ടുകൊണ്ട് പാർട്ടി ഇപ്രകാരം അഭിപ്രായപ്പെടുന്നു: '5.12 മനുഷ്യത്വരഹിതമായ ജാതിവ്യവസ്ഥയെ ഉന്മൂലനം ചെയ്യുന്നതിനും തൊട്ടുകൂടായ്മയുടെയും ജാതി അടിച്ചമർത്തലിന്റെയും ജാതി വിവേചനത്തിന്റെയും എല്ലാ രൂപങ്ങളും ജീവിതത്തിൻറെ എല്ലാ തുറകളിൽ നിന്നും തുടച്ചു മാറ്റുന്നതിനും ജനകീയ ജനാധിപത്യ ഭരണകൂടം സമൂർത്തമായ നടപടികൾ കൈക്കൊള്ളണം. എല്ലാ ജാതീയ പ്രവർത്തനങ്ങളും

പിന്തിരിപ്പൻ സ്ഥാപനങ്ങളും അടിച്ചമർത്തപ്പെടണം. ഇത്തരം കുറ്റങ്ങളിൽ ഏർപ്പെടുന്നവർ ശിക്ഷിക്കപ്പെടണം. എല്ലാ ജാതി വിവേചനങ്ങളും തുടച്ചുമാറ്റപ്പെടുന്നത് വരെ ജാതി അടിസ്ഥാനത്തിലുള്ള സംവരണം ഉറപ്പാക്കപ്പെടണം. ദളിതരുടെയും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെയും ഉന്നതിക്കായി കൃത്യമായ നടപടികൾ ഉണ്ടാകണം. "ഭൂമി മണ്ണിൽ പണിയെടുക്കുന്നവന്" എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി ഭൂമിയുടെ വിതരണത്തിൽ ദളിതർക്കും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾക്കും മുൻഗണന ലഭിക്കണം. ഭരണപരവും സാംസ്കാരികവുമായ ഇടപെടലുകളോടൊപ്പം വേണം ഇതൊക്കെ. ' കൂടാതെ ഈ നിലപാടിന് ഉപോൽബലകമായി പന്ത്രണ്ടാം പാർട്ടി കോൺഗ്രസ് ജാതിയുമായി ബന്ധപ്പെട്ട രണ്ട് പ്രമേയങ്ങൾ ഐക്യകണ്ഠേന പാസാക്കി. അതിലൊന്ന് ജാതിയോടുള്ള പാർട്ടി സഖാക്കളുടെ സമീപനത്തിൽ പുലർത്തേണ്ട പെരുമാറ്റ ചട്ടത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ടായിരുന്നു. രണ്ടാമത്തേത് കേന്ദ്ര കമ്മറ്റി അംഗങ്ങൾ ജാതി പേര് ഉപേക്ഷിക്കുന്നതിനെക്കുറിച്ച് ആയിരുന്നു.

15. ഇതിനോടൊപ്പം തന്നെ പന്ത്രണ്ടാം പാർട്ടി കോൺഗ്രസ് വർഗ്ഗസമരത്തിന്റെ അവിഭാജ്യ ഘടകമായി ലിംഗ സമരത്തെ കൂടി ഉയർത്തിപ്പിടിക്കുന്ന പാർട്ടി പരിപാടി അംഗീകരിച്ചു . വർഗ്ഗസമരം എന്നു മാത്രം പറയുമ്പോൾ അത് ചൂഷക വർഗ്ഗത്തിനെതിരെ ആണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ജാതി ഉന്മൂലനം എന്നത് മർദ്ദക ജാതിക്കെതിരെ ഉള്ള പോരാട്ടത്തിന്റെ രൂപത്തിലാണ് വെളിപ്പെടുന്നത്. എല്ലാ തരത്തിലും ഉള്ള ലിംഗ അസമത്വങ്ങളെയും ഉന്മൂലനം ചെയ്യാൻ ലക്ഷ്യം വെച്ചിട്ടുള്ളതാണ് ലിംഗ സമരം എന്നത്. ഇന്നത്തെ ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന മനുസ്മൃതിയെ അടിസ്ഥാനപ്പെടുത്തിയ പുരുഷാധിപത്യം സ്ത്രീകളെ രണ്ടാം തരം മനുഷ്യരാക്കി മാറ്റി തീർത്തിരിക്കുന്നു. ആയതിനാൽ മേൽപ്പറഞ്ഞ തരത്തിലുള്ള ലിംഗ സമരം ഇന്ത്യൻ സമൂഹത്തിൻറെ ജനാധിപത്യവൽക്കരണത്തിന് അനിവാര്യമായിട്ടുള്ളതാണ്. പാർട്ടി പരിപാടി ഇപ്രകാരം പറയുന്നു: '5.13 എല്ലാത്തരത്തിലും ഉള്ള ലിംഗ വിവേചനങ്ങളും നിർത്തലാക്കുക. പുരുഷാധിപത്യത്തിൻറെ എല്ലാ പ്രകടിതരൂപങ്ങളെയും ഇല്ലാതാക്കുക. സ്ത്രീകളുടെ നേർക്കുള്ള ജാതി -മത അടിസ്ഥാനത്തിലുള്ള അടിച്ചമർത്തൽ നിർത്തലാക്കുക. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള എല്ലാതരത്തിലുമുള്ള വിവേചനങ്ങളും അക്രമണങ്ങളും ഇല്ലാതാക്കുക. സ്ത്രീ ഭ്രൂണഹത്യ ഇല്ലാതാക്കുക. എല്ലാ മേഖലകളിലും സ്വത്തവകാശത്തിലും തുല്യ ജോലിയ്ക്ക് തുല്യവേതനം എന്ന കാര്യത്തിലും സ്ത്രീകളുടെ സമത്വം ഉറപ്പാക്കുക. സ്ത്രീ വിശേഷ പരമായിട്ടുള്ളത് ലിംഗ സൗഹൃദപരം ആയിട്ടുള്ളത് ആയ തൊഴിൽ സാഹചര്യങ്ങളോടൊപ്പം സാമൂഹികമായി ക്രിയാത്മകമായ ജോലികളിൽ ഏർപ്പെടാൻ എല്ലാ സ്ത്രീകൾക്കും അവസരങ്ങൾ ഉണ്ടാകണം. മത ജാതി അടിസ്ഥാനത്തിലുള്ള, പുരുഷാധിപത്യം നിലനിൽക്കുന്ന കുടുംബവ്യവസ്ഥിതി നിലനിൽക്കുന്ന ഇടത്ത് ജനകീയ ഭരണകൂടം ലിംഗ വിവേചനങ്ങൾ ഒഴിവാക്കിക്കൊണ്ട് പരസ്പര സ്നേഹവും ബഹുമാനവും പരിഗണനയും അടിസ്ഥാനപ്പെടുത്തിയ വിവാഹ ബന്ധം പങ്കാളികൾക്ക് ഉറപ്പാക്കണം.

5.14 LGBTQIA+ വിഭാഗങ്ങളിൽ പെടുന്ന ആളുകൾ അനുഭവിക്കുന്ന ചൂഷണവും അടിച്ചമർത്തലും പാർശ്വവൽക്കരണവും പരിഗണിച്ചുകൊണ്ട്ഈ വിഭാഗത്തിൻ കീഴിൽ വരുന്ന എല്ലാ തരത്തിലും ഉള്ള ജനങ്ങളെയും സംരക്ഷിക്കാനുള്ള ഉചിതമായ നടപടികൾ ജനകീയ ജനാധിപത്യ ഭരണകൂടം കൈക്കൊള്ളണം. ' ഇന്ത്യയിലെ വർഗ്ഗസമരത്തിന്റെ അവിഭാജ്യ ഘടകങ്ങളായി ജാതി സമരത്തെയും ലിംഗ സമരത്തെയും ഉൾക്കൊള്ളുന്ന നമ്മുടെ പ്രത്യയശാസ്ത്ര- രാഷ്ട്രീയ ലൈനിന് അനുസൃതം ആയിട്ടാണ് ജനകീയ ജനാധിപത്യത്തിൻറെ പരിപാടിയുടെ ഭാഗമായി ഈ ദൗത്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ആർഎസ്എസ് നവ ഫാസിസവും ഫാസിസ്റ്റ് വിരുദ്ധ പോരാട്ടവും സംബന്ധിച്ച്

16. നമ്മുടെ പാർട്ടിയുടെ തന്ത്രപരമായ ദൗത്യം എന്നത് സാമ്രാജ്യത്വത്തെയും അതിൻറെ ജൂനിയർ ഇന്ത്യൻ പങ്കാളികളെയും മറികടന്നുകൊണ്ട് ഒരു ജനകീയ ജനാധിപത്യ ഭരണകൂടം സ്ഥാപിക്കുക എന്നതാണ്. ഇന്ന് ഇതുമായി ബന്ധപ്പെട്ടു കൊണ്ട് നമ്മുടെ മുന്നിലുള്ള അടിയന്തരമായ ദൗത്യം ആർഎസ്എസ് നവ ഫാസിസത്തെ പരാജയപ്പെടുത്തുക എന്നതാണ്. പന്ത്രണ്ടാം പാർട്ടി കോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിൽ ഇത് സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. നമ്മുടെ പ്രസിദ്ധീകരണമായ റെഡ് സ്റ്റാറിൽ അടക്കം ആർഎസ്എസ് നവ ഫാസിസത്തെ മനസ്സിലാക്കുന്നതും ഫാസിസ്റ്റ് വിരുദ്ധ മുന്നണിയെ സംബന്ധിച്ച് ഉള്ള നിരവധി ലേഖനങ്ങൾ വഴി നമ്മൾ ഈ ദൗത്യത്തെ വിശദീകരിച്ചിട്ടുണ്ട്. ഫാസിസ്റ്റേതര സംഘടനകളും മറ്റു സംഘടനകളും അടക്കം എല്ലാ സമാന മനസ്കരായ ശക്തികളോടും ചേർന്നുകൊണ്ട് ആർഎസ്എസ് / ബിജെപി ഭരണകൂടത്തിനെതിരെ സാധ്യമായത്ര വിശാലമായ ഫാസിസ്റ്റ് വിരുദ്ധ ഐക്യമുന്നണി കെട്ടിപ്പടുക്കുക എന്നതാണ് ആവശ്യം. അതേസമയം ഇപ്രകാരം നമ്മൾ കമ്മ്യൂണിസ്റ്റുകൾ പ്രവർത്തിക്കുമ്പോൾ തന്നെ, തൊഴിലാളി വർഗ്ഗത്തിന്റെയും എല്ലാ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെയും വർഗ്ഗ താൽപര്യങ്ങൾക്കും വേണ്ടിയുള്ള പോരാട്ടത്തെ കുറിച്ച് ഉള്ള തന്ത്രപരമായ നമ്മുടെ നിലപാടുകൾ അടിയറ വയ്ക്കരുത്. ഏറ്റവും വിശാലമായ ഫാസിസ്റ്റ് വിരുദ്ധ മുന്നണിയുടെ ഭാഗമായിരിക്കുമ്പോഴും നമ്മുടെ സ്വതന്ത്രമായ പ്രത്യയ ശാസ്ത്ര ലൈൻ ഉയർത്തിപ്പിടിച്ചു കൊണ്ടു മാത്രമേ നമുക്ക് ഇത് സാധ്യമാവുകയുള്ളൂ. ഇതൊന്ന് എഴുതിയെടുക്കുന്നതിന് നാം മൂന്നു തലങ്ങളിൽ പ്രവർത്തിക്കേണ്ടതുണ്ട്:

(എ) ഒന്നാമത് ആയിട്ടുള്ളത് പരിപാടിയെയും വിപ്ലവത്തിൻറെ പാതയെയും അടിസ്ഥാനപ്പെടുത്തി പാർട്ടിയെ കെട്ടിപ്പടുക്കുക എന്നതാണ്. ഇക്കാര്യവുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പ്രമേയം ഇപ്രകാരം വിശദീകരിക്കുന്നു: '5.8 മുൻകാലങ്ങളിൽ നടന്നിട്ടുള്ള ജനകീ. യ ജനാധിപത്യ സോഷ്യലിസ്റ്റ് അനുഭവങ്ങളിൽ നിന്ന് പാഠം പഠിച്ചു കൊണ്ട് ഇന്ത്യൻ സമൂർത്ത സാഹചര്യത്തിൽ ഇന്ത്യയിൽ ആകമാനം സ്വാധീനമുള്ള പാർട്ടിയെ കെട്ടിപ്പടുക്കുന്നതിലും ജനാധിപത്യ, വിപ്ലവ പോരാട്ടങ്ങളെ നയിക്കുന്നതിലും വർഗ്ഗ, ജാതി, ലിംഗ പോരാട്ടങ്ങൾക്കും പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടിയുള്ള പോരാട്ടത്തിനും ഇടയിലുള്ള അവിഭാജ്യമായ ബന്ധം നാം ഉൾക്കൊള്ളേണ്ടതുണ്ട്. വർഗ്ഗസമരവും ജാതി ഉന്മൂലനത്തിനുള്ള പോരാട്ടവും ലിംഗ സമത്വത്തിനായുള്ള പോരാട്ടവും പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടിയുള്ള പോരാട്ടവും തമ്മിലുള്ള അന്തർബന്ധങ്ങളെ പാർട്ടി കെട്ടിപ്പടുക്കുന്ന പ്രക്രിയയിൽ സ്വാംശീകരിക്കേണ്ടതുണ്ട്. ഇന്ന് അടിയന്തരം ആയിട്ടുള്ള ആവശ്യം വിപ്ലവ സിദ്ധാന്തം ആയുധമാക്കിയതും തൊഴിലാളികൾ കർഷകർ സ്ത്രീകളും എല്ലാ ലിംഗ വിഭാഗങ്ങളിൽ പെടുന്നവരും ആദിവാസികളും ദളിതരും പരിസ്ഥിതി സംരക്ഷണത്തിനായി നിലകൊള്ളുന്ന വരും ഉൾക്കൊള്ളുന്ന ജനസമൂഹങ്ങളുടെ പ്രക്ഷോഭങ്ങളെ നയിക്കാൻ കെൽപ്പുള്ളതുമായ ഒരു പാർട്ടിയാണ്.'

(ബി) എല്ലാ തുറകളിലും പ്രകടമായിരിക്കുന്ന നവ ലിബറൽ കോർപ്പറേറ്റ് വൽക്ക രണത്തിനെതിരെ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ എല്ലാ സഹോദര, വിപ്ലവ സംഘടനകളെയും ഐക്യപ്പെടുത്തിക്കൊണ്ട് ഒരു ഇടത് സഖ്യം കെട്ടിപ്പടുക്കുക എന്നതാണ് രണ്ടാമത് ആയിട്ടുള്ളത്. തൊഴിലാളികളുടെയും അടിച്ചമർത്തപ്പെട്ട ബഹുജന വിഭാഗങ്ങളുടെയും വിശാല ഭൂരിപക്ഷത്തിന്റെ താൽപര്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന സമാനമനസ്കരായിട്ടുള്ള വിപ്ലവ ഇടതു സംഘടനകൾ ചേർന്ന സംസ്ഥാനതലത്തിലുള്ള

ഏകോപന സമിതികൾ ഉൾക്കൊള്ളുന്നതാണ് ഈ അഖിലേന്ത്യാ തലത്തിലുള്ള ഇടതുസഖ്യം.

(സി) ഈ ഇടതു ഏകോപന സമിതി ഫാസിസത്തിനെതിരെയുള്ള അടവ്പരമായ സഖ്യത്തിന്റെ പ്രാരംഭ നടപടിയായിരിക്കണം. ഇത് ഫാസിസ്റ്റ് വിരുദ്ധ ഐക്യമുന്നണിയുടെ ഏറ്റവും വിശാലമായ രൂപവുമായിരിക്കണം. ഫാസിസ്റ്റേതര ഭരണവർഗ പാർട്ടികളും സോഷ്യൽ ഡെമോക്രാറ്റുകളും കൂടി ഇതിൻറെ ഭാഗമായിരിക്കും. ആർഎസ്എസ് നവ ഫാസിസത്തിനെതിരെയുള്ള ഒരു ഫാസിസ്റ്റ് വിരുദ്ധ അജണ്ടയോടു കൂടിയ ഈ സത്യം ഇന്ത്യൻ ഫാസിസത്തിന്റെ അടിസ്ഥാന പ്രത്യയശാസ്ത്രമായ മനുവാത ഹിന്ദുത്വത്തിന് എതിരെയുള്ള ഉചിതമായ പ്രത്യയശാസ്ത്ര പോരാട്ടത്തെ കൂടി ഉൾക്കൊള്ളുന്ന തായിരിക്കും. ഭരണവ്യവസ്ഥയ്ക്കും നവ ലിബറലിസത്തിനും എതിരെയുള്ള തൊഴിലാളി വർഗ്ഗത്തിന്റെയും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെയും തന്ത്രപരമായ സഖ്യത്തിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുമ്പോൾ തന്നെ ഫാസിസത്തിനെതിരെയുള്ള പോരാട്ടത്തിൽ ഭരണ വർഗങ്ങൾക്ക് ഇടയിലുള്ള വൈരുദ്ധ്യങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്താനും ഈ അടവുപരമായ സഖ്യം സഹായിക്കും.

17. ഈ സമീപനം നമ്മൾ ശരിയായ രീതിയിൽ മുന്നോട്ടു കൊണ്ടുപോവുകയാണെങ്കിൽ 2024 നടക്കുന്ന തെരഞ്ഞെടുപ്പിൽ ആർഎസ്എസ്/ ബിജെപിയെ പരാജയപ്പെടുത്താൻ കെൽപ്പുള്ള ഒരു വിശാലമായ തെരഞ്ഞെടുപ്പ് മുന്നണി കെട്ടിപ്പടുക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിന് അത് ഗുണകരമാവും. മറുവശത്ത് ഒരു ഫാസിസ്റ്റ് ശക്തിയുടെ തിരിച്ചുവരവിന് ഭീഷണി ചെറുക്കാൻ പ്രാപ്തമായ ഒരു ജനകീയ പ്രസ്ഥാനത്തിൻറെ സാന്നിധ്യം ഉറപ്പാക്കാനും സാധിക്കും.

## പാരിസ്ഥിതിക പ്രശ്നങ്ങളും വർഗ്ഗ സമരവും സംബന്ധിച്ച്

18. കോർപ്പറേറ്റ് മൂലധന സമാഹരണവും മൂലധനം മൂലം പരിസ്ഥിതിയിൽ നടക്കുന്ന കൊള്ളയും പാരിസ്ഥിതിക പ്രശ്നങ്ങളുമായി അഭേദ്യമായ രീതിയിൽ ബന്ധപ്പെട്ടു കിടക്കുന്നു എന്നാണ് സിപിഐ എം എൽ റെഡ് സ്റ്റാറിന്റെ ഉറച്ച നിലപാട്. അതായത് പാരിസ്ഥിതികമായി സുസ്ഥിരമായ, ജനകീയ വികസന മാതൃകക്കു വേണ്ടിയുള്ള പോരാട്ടം വർഗ്ഗസമരവുമായി അഭേദ്യമായ രീതിയിൽ ബന്ധപ്പെട്ട് കിടക്കുന്നു. വർഗ്ഗസമരത്തിന്റെ ഭാഗമായി പരിഹരിക്കപ്പെടേണ്ടത് ആയിട്ടുള്ള അടിസ്ഥാന പ്രശ്നങ്ങളിൽ ഒന്നാണ് പാരിസ്ഥിതികമായ പ്രശ്നം എന്ന് അതിൻറെ ഗുരുതരാവസ്ഥ കണക്കിലെടുത്തുകൊണ്ട് ഒമ്പതാം കോൺഗ്രസിൽ തന്നെ മൂലധനവും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യം സാർവദേശീയ തലത്തിലും ദേശീയതലത്തിലും ഉള്ള അഞ്ചാമത്തെ പ്രധാന വൈരുദ്ധ്യമായി പാർട്ടി ഉൾപ്പെടുത്തുകയുണ്ടായി.

19. ഈ നിലപാടിന് ആവർത്തിച്ച് പ്രസ്താവിച്ചുകൊണ്ട് പന്ത്രണ്ടാം പാർട്ടി കോൺഗ്രസിൽ അംഗീകരിച്ച പാർട്ടി പരിപാടി ഇപ്രകാരം പ്രസ്താവിക്കുന്നു: '3.23 നവ ഉദാരീകരണത്തിന് കീഴിൽ കോർപ്പറേറ്റ് ഊഹമൂലധനം വർത്തമാനമായ രീതിയിൽ പ്രകൃതിയെ കൊള്ളയടിച്ചു കൊണ്ടിരിക്കുന്നു ഇതിന് അനുഗുണമായ പ്രവണതയാണ് സർവ്വദേശീയ തലത്തിൽ രഹസ്യ രൂപമാണ് പ്രകടമാകുന്നത് . ഇതിൻറെ തുടർച്ചയായി ഇന്ത്യയും ഈ നവ ഉദാരീകരണ ഘട്ടത്തിൽ അഭൂതപൂർവ്വമായ പാരിസ്ഥിതിക വിനാശത്തിന് സാക്ഷ്യം

വഹിച്ചുകൊണ്ടിരിക്കുകയാണ്. ആഗോള കോർപ്പറേറ്റുകൾക്കും അവരുടെ ഇന്ത്യൻ ജൂനിയർ പങ്കാളികൾക്കും വേണ്ടി ഇന്ത്യയിൽ നിലനിൽക്കുന്ന പരിസ്ഥിതി സംരക്ഷണത്തിന് വേണ്ടിയുള്ള നിയമങ്ങൾ എല്ലാം തന്നെ റദ്ദാക്കി കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ഉണ്ടായിരുന്ന നിയന്ത്രണങ്ങളെ ലംഘിച്ചുകൊണ്ട് കോർപ്പറേറ്റുകൾ നടത്തിയ പ്രവർത്തനങ്ങളെ നിയമവല്ക്കരിച്ചുകൊണ്ടുള്ള ഏറ്റവും പുതിയ പരിസ്ഥിതി ആഘാത പഠനത്തിൻറെ ഭേദഗതി ഇതിന് ഒരു ഉദാഹരണമാണ്. അതുപോലെ കോർപ്പറേറ്റ് കൊള്ളയുടെ ഭാഗമായി കൂട്ടത്തോടെ ജനങ്ങൾക്ക് തങ്ങളുടെ വാസസ്ഥാനത്തുനിന്ന് കുടിയിറക്കപ്പെടേണ്ടി വന്നതും ഇതിൻറെ ഫലമായിട്ടാണ്. പരിസ്ഥിതിക്ക് ദോഷകരമായ സ്ഥാപനങ്ങളും വിഷ മാലിന്യങ്ങൾ നിറഞ്ഞ വ്യവസായങ്ങളും ഇറക്കുമതി ചെയ്യുന്നതും കാലഹരണപ്പെട്ട ആണവ നിലയങ്ങൾ അവശേഷിക്കപ്പെടുന്നതും അടക്കമുള്ള പ്രവർത്തികൾ ഉണ്ടാകുന്നത് വിദേശ മൂലധനത്തെ ആകർഷിക്കുവാൻ വേണ്ടി നിക്ഷേപ സൗഹൃദത്തിന്റെയും ബിസിനസ് എളുപ്പമാക്കി തീർക്കുന്നതിന്റെയും പേരിൽ നടപ്പാക്കപ്പെടുന്ന നടപടികളുടെ ഭാഗമായിട്ടാണ് . ഇത്തരമൊരു നിർണായക ഘട്ടത്തിൽ പരിസ്ഥിതിയും ആവാസവ്യവസ്ഥയും കോർപ്പറേറ്റ് മൂലധനത്തിന്റെ പ്രവർത്തനവുമായി അഭേദ്യയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആയതിനാൽ പ്രകൃതിയുമായി അനുനാദത്തിലുള്ള ഒരു വികസന മാതൃക ക്കുള്ള ഉദ്യമം ജനകീയ ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും അവിഭാജ്യ ഘടകമായി തീർന്നിരിക്കുന്നു.' ഇപ്പോൾ പാർട്ടിയുടെ മുന്നിലുള്ള ദൗത്യം ഉചിതമായ സംഘടനാപരമായ മുൻകൈകളുടെ ഈ പ്രത്യയശാസ്ത്ര- രാഷ്ട്രീയ ലൈനിനെ മുന്നോട്ടു കൊണ്ടുപോവുക എന്നതാണ്.

**ഉപസംഹാരം**

20. പന്ത്രണ്ടാം പാർട്ടി കോൺഗ്രസിലേക്ക് നയിച്ച ഉൾ പാർട്ടി സമരവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ള നമ്മുടെ പാർട്ടിയുടെ പ്രത്യയശാസ്ത്ര - രാഷ്ട്രീയ ലൈനിന്റെ അടിസ്ഥാനപരമായ വിഷയങ്ങൾ. ഫെഡറൽ നിലപാട് പോലുള്ള നിരവധി പ്രധാന വിഷയങ്ങളിൽ നമ്മുടെ പാർട്ടിക്ക് കൃത്യമായ ലൈൻ ഉണ്ട്. ഉദാഹരണത്തിന് ഇന്ത്യയെ എന്നത് ഏകദാനമായ സവിശേഷതകളോടുകൂടിയ ഒരു രാജ്യമാണ് എന്നതിന് പകരം പാർട്ടി പരിപാടിയിൽ ജനകീയ ജനാധിപത്യ ഭരണകൂടം വിഭാവനം ചെയ്യുന്നത് ബഹുദേശീയ, ബഹുഭാഷാ, ബഹു സാംസ്കാരിക, ബഹുമത സവിശേഷതകൾ കൂടിയ രാജ്യം എന്ന നിലയ്ക്കാണ്. അതായത് പാർട്ടി വിഭാവനം ചെയ്യുന്ന ജനകീയ ജനാധിപത്യത്തിൻറെ പരിപാടി ഫെഡറൽ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇത് ഇന്ത്യയുടെ ഭാഗമായിട്ടുള്ള ഭാഷാപരവും വംശീയവും സാമ്പത്തികവും സാംസ്കാരികവുമായ ദേശീയതകളുടെ അവകാശങ്ങളെ ഉയർത്തിപ്പിടിക്കുന്നു. മേൽപ്പറഞ്ഞത് അടക്കം നമ്മുടെ പാർട്ടി ലൈനിന്റെ മൊത്തത്തിലുള്ള കാഴ്ചപ്പാട് കിട്ടുന്നതിനുവേണ്ടി എല്ലാ അംഗങ്ങളും അവരുടെ മാതൃഭാഷയിൽ തയ്യാറാക്കിയ അടിസ്ഥാന രേഖകൾ നല്ല രീതിയിൽ വായിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട്. ആയതിനാൽ എല്ലാ സംസ്ഥാന കമ്മിറ്റികളും അവ തർജ്ജമ ചെയ്യുന്ന ദൗത്യം എത്രയും പെട്ടെന്ന് ഏറ്റെടുക്കണം. സമയാധിഷ്ഠിതമായി ഈ രേഖകളെ അടിസ്ഥാനപ്പെടുത്തിയ പാർട്ടി സ്റ്റഡി ക്ലാസുകൾ ഏർപ്പെടുത്തുകയും വേണം.